**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **01-02-2024 - ൽ മറുപടിയ്ക്ക്**

**പുരാരേഖകളുടെയും പുരാലിഖിതങ്ങളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | പുരാരേഖകളുടെയും പുരാലിഖിതങ്ങളുടെയും സംരക്ഷണത്തിനും കാസർകോഡ് ജില്ലയിലെ പ്രധാന ക്ഷേത്രങ്ങളിലെ മ്യൂറൽ പെയിന്റുകൾ, കൊത്തുപണികൾ എന്നിവ സംരക്ഷിക്കാനും വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ ഉണ്ടാകുമോ; | (എ) | പുരാരേഖകൾ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും സ്ഥാപനം ആവശ്യപ്പെടുന്ന പക്ഷം പുരാരേഖ വകുപ്പ് അവ നേരിട്ട് പരിശോധിച്ച് ആവശ്യമായ പ്രാഥമിക സംരക്ഷണം നടത്തി നൽകുകയും അത്തരം സംരക്ഷണം നടത്തുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ കൂടുതൽ ശാസ്ത്രീയമായ സംരക്ഷണം ആവശ്യമെങ്കിൽ വകുപ്പിന്റെ "കമ്മ്യൂണിറ്റി ആർക്കൈവ്സ്" പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ അനുമതിയോടെ പ്രൊജക്റ്റ് മുഖേന പുരാരേഖകളുടെ സംരക്ഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. കാസറഗോഡ് ജില്ലയിലെ അനന്തപുരം ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. ടി ക്ഷേത്രത്തിലെ ചുവർചിത്രങ്ങൾക്ക് സംരക്ഷണം ആവശ്യമാണെന്ന് പരിശോധനയിൽ കാണുന്ന പക്ഷം ടി പ്രവൃത്തി വകുപ്പ് നിർവ്വഹിക്കുന്നതാണ്. ജില്ലയിലെ മറ്റ് ക്ഷേത്രങ്ങളിലെ പുരാരേഖകൾ സംരക്ഷിക്കുന്നതിന് അപേക്ഷ ലഭിച്ചാൽ ആയത് പരിശോധിച്ച് സംരക്ഷണ പ്രവൃത്തി ആവശ്യമുള്ള പക്ഷം ആയത് നടത്തുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, നീലേശ്വരം കോവിലകം എന്നിവിടങ്ങളിൽ ഇത്തരത്തിൽ സംരക്ഷണ പരിപാടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, നീലേശ്വരം കോവിലകം എന്നിവിടങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചാൽ ആയത് പരിശോധിച്ച് സംരക്ഷണ പ്രവൃത്തി ആവശ്യമുള്ള പക്ഷം പുരാരേഖകളുടെ സംരക്ഷണത്തിനുള്ള നടപടി സ്വീകരിക്കുന്നതിന് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ